# വിഷംതുപ്പുന്ന ഇൻസിനറേറ്ററുകൾ

മാലിന്യങ്ങളെ ഒരു അറയ്ക്കുള്ളിലാക്കി വായുവും ഓക്സിജനും നിയന്ത്രിതമായി കടത്തിവിട്ട് കത്തിച്ച്, മാലിന്യങ്ങളെ പുകയും ചാരവുമാക്കി മാറ്റുന്ന പ്രത്യേകതരം ചൂളയന്ത്രമാണ് ഇൻസിനറേറ്റർ.

മാരകമായ വിഷപദാർത്ഥമായ ഡയോക്സിനുകളുടെ പ്രധാന ഉറവിടമാണ് ഇൻസിനറേറ്ററുകൾ. മാലിന്യങ്ങളെ കത്തിച്ച് ചാരമാക്കി മാറ്റുമ്പോൾ പുറപ്പെടുവിക്കുന്ന പുകയിലൂടെയാണ് ഡയോക്സിനുകൾ അന്തരീക്ഷത്തിലെത്തുന്നത്. ഇതുകൂടാതെ ഫ്യൂറാൻ പോലുള്ള വിഷപദാർത്ഥങ്ങളും, മെർക്കുറിയുടേയും ലെഡ്, കാഡ്മിയം, ആർബനിക് തുടങ്ങിയ മാരക പദാർത്ഥങ്ങളും ഇൻസിനറേറ്ററുകളിൽനിന്നും സ്ഥിരമായി പുറത്തുവരുന്നു.

ഇൻസിനറേറ്ററുകളുടെ സാമീപ്യമുള്ള പ്രദേശങ്ങളിൽ താമസിക്കുന്ന അമ്മമാരുടെ മുലപ്പാലിൽ മറ്റു പ്രദേശങ്ങളിൽ താമസിക്കുന്ന അമ്മമാരേക്കാൾ 10 മടങ്ങിലധികം അളവ് ഡയോക്സിനുണ്ടാകുമെന്ന് യൂറോപ്യൻ നഗരങ്ങളിൽ നടത്തിയ പഠനങ്ങൾ തെളിയിക്കുന്നു. ഇൻസിനറേറ്ററുകളുള്ള പ്രദേശങ്ങളിൽ ജനങ്ങൾക്ക് അപകടകരമായ അനുപാതത്തിൽ കാൻസർ കണ്ടുവരുന്നതായി ബ്രിട്ടനിൽ നടന്ന പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്.

അമേരിക്കയിൽ ഇൻസിനറേറ്ററുകൾക്കെതിരായ പ്രതിഷേധത്തിന്റെ ഫലമായി കഴിഞ്ഞ 20 വർഷത്തിനുള്ളിൽ ഇൻസിനറേറ്ററുകൾ സ്ഥാപിക്കുന്നതിനുള്ള മുന്നൂറോളം പദ്ധതികൾ ഉപേക്ഷിക്കപ്പെടുകയുണ്ടായി.

ഇൻസിനറേറ്ററുകളിൽ നിന്ന് പുറത്തുവരുന്ന വിഷവസ്തുക്കൾക്ക് സമീപപ്രദേശങ്ങളിൽ താമസിക്കുന്നവരുടെ കുട്ടികളുടെ ലൈംഗിക വളർച്ചയെ തടസ്സപ്പെടുത്താൻ കഴിയുമെന്ന് 'ലാൻസെറ്റ്' എന്ന അന്താരാഷ്ട്ര മെഡിക്കൽ ജേണലിൽ പ്രസിദ്ധീകരിച്ചിരുന്നു. ഇൻസിനറേറ്ററുകളിലുള്ള അങ്ങേയറ്റം മാരകമായ വിഷാംശങ്ങളായ ഡയോക്സിൻ, പോളി ക്ലോറിനേറ്റഡ് - ബൈഫീനൽസ് എന്നീ വിഷവസ്തുക്കൾ വരുത്തുന്നുണ്ടോ എന്ന വിഷയത്തിൽ പഠനം നടന്നുകൊണ്ടിരിക്കുകയാണ്.